Item Code: 639 Participant Code: 037

# മറന്നുപോകരുതേ

## ഭൂമിമാതാവ്

ഭൂമാതാവുതൻ നിശ്ചലമാമി
നേത്രങ്ങളിൽ നിന്നുമണപൊട്ടി
യൊഴുകുമീ ചുടുനീരിനുമുണ്ടു
പറയാനാ നിശ്ചലതയുടെ നോവ്

മാറിലെ ജീവാമൃതമോ മാതുര്യ-
മൂറുന്നതെത്രയേറെ പകുത്തുനൽകി
യതാണു തൻമക്കൾക്കതെ-
ന്നാലിന്നവർ മറന്നുപോകെ

തന്റെ മാതൃവാത്സല്യമാകുന്ന
തണലിലേറെന്നാൾ ഇളവേ-
ൽക്കുവാൻ കൊതിച്ചതാണവർ
അതെന്നാലിന്നവർ മറന്നുപോകെ

തന്നിലൂടെയീലോകത്തെ

നോക്കിക്കാണാൻ കൊതിച്ച
തന്റെ മക്കൾക്കിതെന്തുപറ്റി ?
അവർ തന്നെ മറന്നുവോ ?

അനാഥയുടെ ഏകാന്ത
വീഥിയിലിന്നുതന്റെ ബിംബം
ഒറ്റയ്ക്ക്, പൊട്ടിച്ചിതറിയ
കണ്ണാടിച്ചില്ലുപോലെ

ഏകാന്തതയുടെ ആഴപ്പര-
പ്പിലിന്നുതാനൊരനാഥ
കാകൻ കൊത്തിപ്പറിച്ചിട്ട
മാംസകഷ്ണം പോൽ

തന്റെ ചേലയുരിയാൻ മടിയില്ലാ-
ത്തവരായിരിക്കുന്നു തന്റെ മക്കൾ
തന്റെ മാറത്തുമഴുവടിച്ചമർത്താ-
നിന്നവർ കൈകളുയർത്തുന്നു.

Item Code: 639 Participant Code: 037

രക്തം പൊട്ടിയൊലിക്കുന്ന മുറി-
വുകളും , ദുർഗന്ധം വമിക്കുന്ന
വൃണങ്ങളും , ഹൃത്തടം പൊട്ടുന്ന
നോവുമിന്നുതന്നിൽ ബാക്കി

മൗനമാകുന്ന ചങ്ങലയിൽ
താൻ ഭേതിക്കപ്പെട്ടതവളറിഞ്ഞില്ല
ഇടനാഴിയിൽ വെച്ചുതൻ
ശിരസു ഛേതിക്കപ്പെട്ടതും

അവളാകുന്ന വൃക്ഷം കടപു-
ഴകി വീണതു കാൺകെ
കാർമുകിലിനു കണ്ണുനീർ
പെയ്തുതീർക്കാതിരിക്കാനായില്ല

എങ്ങനെ മറക്കാൻ കഴിഞ്ഞു
വിയമമ മഹിയെക്കുറിച്ചു
നീയിന്നു നിൻ ഇതിഹാസങ്ങൾ
താനേ സൃഷ്ടിക്കുമ്പോഴും

Item Code: 639 Participant Code: 037

അവളാകുന്ന സ്വപ്നങ്ങൾക്ക്
നിറങ്ങളേറെയായിരുന്നു
എന്നാലവളാകുന്നയുലകമോ
ഇരുളിൻ കാരാഗൃഹത്തിൽ

കടലിന്റെയാഴംപരപ്പോളമവൾ
നമ്മെയറിഞ്ഞുകഴിഞ്ഞു
അതിലൊരംശമവളെ മറക്കാതിരി
ക്കാൻ കുറിച്ചിടുക ഹൃദയമാ-
കുന്ന പുസ്തകത്താളിൽ......

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).